# KALLUMADA CEZMSLPS



# അക്കാദമിക് മാസ്റ്റർപ്ലാൻ

# സ്വപ്നം

Scanned with CamScanner

# ആമുഖം

കൊല്ലവർഷം 1077-മാണ്ട് എ.ഡി. 1901ൽ കോട്ടയം ജില്ലയിൽ അയ്മനം പഞ്ചായത്തിൽ സ്കൂൾ സ്ഥാപിതമായി. ബേക്കർ കുടുംബാംഗമായ ക്ലാരാ മദാമ്മയുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിലെ സ്ത്രീജനങ്ങളുടെ സംഭാവനകളാണ് സ്കൂൾ സ്ഥാപിതമായത്. Church of England Zenana Mission Society ആണ് സ്കൂൾ നടത്തിയിരുന്നത്. സമൂഹത്തിലെ പാവപ്പെട്ടവർക്കും പിന്നോക്കസമുദായത്തിലെ പെൺകുട്ടികൾക്കും വേണ്ടിയാണ് ആദ്യകാലത്ത് സ്കൂളിൽ പഠനം നടത്തിപോന്നത്. 1929ൽ എൽ. പി. സ്കൂളായി സി. എസ്. ഐ കോർപ്പറേറ്റീവ് മാനേജ്മെന്റ് സ്കൂൾ ഏറ്റെടുത്തു. ഇപ്പോൾ സ്കൂളിൽ പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ് വരെ 51 കുട്ടികൾ പഠിക്കുന്നു.

സ്കൂൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രതിസന്ധി വളരെ ഉയർന്ന സ്ഥലത്ത് സ്കൂൾ സ്ഥിതി ചെയ്യുന്നതിനാൽ കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു എന്നാണ്.

സ്കൂളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നതിന്റെ പ്രധാനകാരണം സ്കൂളിന്റെ 1 കി.മി ചുറ്റളവിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് ഇംഗ്ലീഷ് സ്കൂളുകളാണ്.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാശേഷി പ്രയോഗിക്കുന്നതിനുമുള്ള പ്രാപ്തി നേടുക.
- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കുക. മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ഉറപ്പാക്കുക.
- ശാസ്ത്രകൗതുകം വളർത്താൻ ഉതകുംവിധം ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറി ത്യാറാക്കുകയും ചെയ്യൽ.
- കുട്ടികളുടെ സർഗപരവും കലാകായികവുമായ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കുക.
- ശാരീരികവും മാനസികവും കായികവുമായ വികാസങ്ങളുടെ വളർച്ചയ്ക്ക് അടിത്തറ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ലഭ്യമാക്കുക.
- സാങ്കേതിക വിദ്യയിൽ പ്രൈമറിതലത്തിൽ ഉയർന്ന മേഖലയിൽ എത്തിക്കുക.
- പ്രകൃതിയെയും പ്രകൃതിവിഭവസംരക്ഷണം പരിസരശുചിത്വം എന്നിവ സംബന്ധിച്ച അടിസ്ഥാന കാഴ്ചപ്പാടുകൾ നൽകുക.
- കുട്ടിയെ സഹായിക്കാൻ രക്ഷിതാവിനെ പ്രാപ്തനാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവരുടെ അഭിരുചികൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക.
- എല്ലാ രക്ഷകർത്താക്കളെയും വിദ്യാലയ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
- പൂർവ്വ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സ്കൂളിന്റെ പുരോഗമനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

Scanned with CamScanner

## മേഖല - ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| നിലവാരമുള്ള ഭാഷയിൽ സ്വതന്ത്ര വായന സ്വതന്ത്ര രചന എന്നിവയിൽ പ്രാപ്തരാക്കുക.<br><br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | . അക്ഷരം ഉറപ്പിക്കൽ<br>. ചിഹ്നം ഉറപ്പിക്കൽ<br>. ലഘു വാക്കുകൾ<br>. ലഘു വാക്യങ്ങൾ<br>. സചിത്ര നോട്ടുകൾ<br>. ICT സാധ്യതകൾ<br>. കഥ പൂർത്തിയാക്കൽ<br>. കവിതകൾ കേട്ടാസ്വദിക്കൽ, കഥകൾ.<br>. വരികൾ കൂട്ടിച്ചേർക്കൽ<br>. വായന മൂലകൾ<br>. Class School ലൈബ്രറി<br>. അമ്മ വായന.<br>. വായനോത്സവം<br>. ഡയറി എഴുത്ത്<br>. മലയാളത്തിളക്കം.<br>. ശ്രദ്ധ. | Class പ്രവർത്തനങ്ങളിൽ | ജൂൺ മുതൽ മാർച്ച് വരെ. |

# മേഖല- ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ്. |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ഉണ്ടാക്കുക. | . ഹലോ ഇംഗ്ലീഷ്<br>. ഈ. ക്യൂബ് ഇംഗ്ലീഷ്<br>. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>. മോറൽ സ്റ്റോറീസ് സ്പീച്ച്.<br>. പിക്ചർ ഡിക്ഷണറി.<br>. ഇംഗ്ലീഷ് അസംബ്ലി. | class പ്രവർത്തനങ്ങളോടൊപ്പം.<br>ആഴ്ചയിൽ ഒരു ദിവസം. | ജൂൺ to മാർച്ച്. |

## മേഖല : ഗണിതശാസ്ത്ര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| ഗണിത ശാസ്ത്ര വിഷയങ്ങളിൽ പ്രൈമറി തലത്തിൽ നേടേണ്ട ശേഷികളിൽ കുട്ടികളെ പ്രാപ്തരാക്കുക. | · സംഖ്യാകാർഡുകൾ.<br>· സ്ഥാനവില പോക്കറ്റ്<br>· ഗണിതകിറ്റ്.<br>· ഗണിത വിജയം<br>· ഉല്ലാസ ഗണിതം.<br>· നിരീക്ഷണം.<br>· വർഗീകരണം.<br>· അപഗ്രഥനം<br>· നിഗമനം<br>· പരീക്ഷണം | class പ്രവർത്തനങ്ങളോടൊപ്പം | ജൂൺ to മാർച്ച്. |

മേഖല : കായിക വിദ്യാഭ്യാസം

ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| ശാരീരികവും മാനസികവും കായികവുമായ വികാസങ്ങളുടെ വളർച്ചയ്ക്ക് വ്യായാമം അത്യാവശ്യമാണ് എന്ന ബോധം കുട്ടികളിൽ ഉറപ്പിക്കുക. | · ആരോഗ്യ കായിക വിദ്യാഭ്യാസം<br>· ആഹാരശീലത്തെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും ബോധവത്കരണ ക്ലാസ്<br>· എയ്റോബിക്സ്<br>· P.T. പിരിയഡ്<br>· മുഖംമൂടി നിർമ്മാണം<br>· പാവ നിർമ്മാണം.<br>· കുട്ടക്ക് നിർമ്മാണം. | Class തലത്തിൽ<br><br>School തലത്തിൽ | ജൂൺ മുതൽ മാർച്ച് |

# മേഖല- കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| കലാവാസനകൾ പരിപോഷിക്കൽ കുട്ടികളിലുള്ള സർഗാത്മകവും സൗന്ദര്യാത്മകവുമായ കഴിവുകളെ കണ്ടെത്തി വികസിപ്പിക്കുക. | . ചിത്രരചന<br>. കളറിംഗ്<br>. വരികൾ കൂട്ടിച്ചേർക്കൽ<br>. ആസ്വാദനക്കുറിപ്പുകൾ<br>. വിദ്യാരംഗം കലാസാഹിത്യ വേദി.<br>. വിവിധ മത്സരങ്ങൾ | Class പ്രവർത്തനങ്ങളോടൊപ്പം<br>എല്ലാ വെള്ളിയാഴ്ചയും<br>-ദിനാചരണങ്ങളോടനുബന്ധിച്ച് | ജൂൺ to മാർച്ച് |

## സാങ്കേതിക വിദ്യകൾ
## ICT സാധ്യതകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| സാങ്കേതിക വിദ്യയിൽ പ്രൈമറി തലത്തിൽ ഉയർന്ന മേഖലയിൽ എത്തിക്കും | Language game. കളിപ്പെട്ടി പ്രവർത്തനങ്ങൾ | ക്ലാസ് തലം | ജൂൺ to മാർച്ച് |

മേഖല : ജൈവകൃഷി (തനതുപ്രവർത്തനം)

പരിസരപോഷണ പരിപാടി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ കൃഷി, തൊഴിൽ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | സ്ക്കൂൾ പരിസരത്ത് പച്ചക്കറി ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുക സംരക്ഷിക്കുക. | School തലം | അതതു കാലങ്ങളിൽ |

PTA – CPTA സജീവമാക്കൽ

അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നിർവഹണം | കാലയളവ് |
|---|---|---|---|
| കുട്ടികളുടെ സർവതോമുഖമായ വികാസത്തിന് രക്ഷകർത്താക്കളെ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക | . PTA | School തലം | ജൂൺ to മാർച്ച് |
| | . CPTA | Class തലം | |
| | . പഠനോപകരണ ശില്പശാല | class തലം | |
| | . ദിനാചരണങ്ങൾ | School തലം | |

# ഉപസംഹാരം

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി നമ്മുടെ വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനു പൊതുസമൂഹത്തിന് മതിപ്പ് ഉളവാക്കുന്ന രീതിയിൽ നമ്മുടെ വിദ്യാലയത്തെ ഉയർത്തുന്നതിനും ഈ വികസനരേഖ പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

Scanned with CamScanner